പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 1026. 29/09/2011-ൽ മറുപടിയ്ക്ക്

## സമഗ്ര പുനരധിവാസ പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;<br>ബി) പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;<br>സി) ഓരോ വികസന പ്രോജക്ടുകളുടേയും പ്രത്യേകതകൾക്കനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി സാമൂഹികവും പാരിസ്ഥിതികവുമായ ആഘാതങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | (എ)<br>(ബി)<br>&<br>(സി) | വികസനം ഉറപ്പു വരുത്തുന്നതിനും, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഭൂമി ഏറ്റെടുക്കൽ അനിവാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളാണ് സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കലിന്റെ അടിസ്ഥാനം. എന്നാൽ ഭൂദാതാക്കൾക്ക് നൽകുന്ന നഷ്ടപരിഹാരം തീരെ അപര്യാപ്തമായതു കൊണ്ടും പുനരധിവാസത്തിന് വ്യവസ്ഥകളില്ലാത്തതിനാലും ഈ നയത്തിനെതിരെ പരാതികൾ ഉയർന്നു വരുന്ന സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസ പുന:ക്രമീകരണ നയം സർക്കാർ പരിഗണിച്ചു വരുന്നു. പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന വ്യവസ്ഥകൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ